# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 21/02/14

(20 RABI'UL AAKHIR 1435 Hijiri)

**Hazrat Khalifathullah Munir Ahmad Azim (A)**

**അഹ്മദിയ്യത്തിലെ രണ്ടാം ഖലീഫ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വാഗ്ദത്ത പുത്രൻ എന്ന നിലയിലും വാഗ്ദത്ത പരിഷ്ക്കർത്താവ് എന്ന നിലയിലും –വിലയിരുത്തുമ്പോൾ–**

എല്ലാവർക്കും അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു പറഞ്ഞ ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ് സൂറ. അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഹസ്രത് മസീഹ് മൗഊദ് (അ) ന്റെ മകനും രണ്ടാമത്തെ പിൻഗാമിയും ആയിരുന്നു എന്ന് നിങ്ങൾക്കെല്ലാ പേർക്കും അറിവുള്ള കാര്യമാണല്ലോ. ഖലീഫതുൽ മസീഹ് എന്ന നിലയിലും മുസ്‌ലിഹ് മൗഊദ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ നിയമനം, തന്റെ ജീവിതത്തിലുടനീളം, ഇസ്‌ലാമിന് സത്ഫലങ്ങൾ പ്രദാനം ചെയ്തു എന്നത് തെളിയിക്കപ്പെട്ട കാര്യമാണ്. അദ്ദേഹത്തിന്റെ ജനനത്തെകുറിച്ച് മുൻകടന്ന സത്യാത്മാക്കൾ പ്രവചനം ചെയ്ത പ്രശസ്തനായ ഒരു ഖലീഫ ആയിരുന്നു. ഇന്ത്യയിലെ ഹോഷിയാപൂരിൽ നാൽപതു ദിവസത്തെ പ്രാർത്ഥനയ്ക്കു ശേഷം വാഗ്ദത്ത മസീഹ് (അ) ന് ലഭിച്ച ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ദൃഷ്ടാന്തം കൂടിയാണ്. ഇന്നലെയും ഇതു സംബന്ധമായി ഒരു ദൈവീക അടയാളം എനിക്ക് ലഭിക്കുകയുണ്ടായി. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു. ഒരു പരിശുദ്ധ പുത്രൻ (സാക്കിഗുലാം) മുസ്‌ലിഹ് മൗഊദ് എന്ന് അവൻ നാമകരണം ചെയ്തിട്ടുള്ള (ഒരു പുത്രൻ) ഒൻപത് വർഷങ്ങൾക്കകം ജനിക്കുന്നതാണ്. മുസ്‌ലിഹ് മൗഊദ്(റ) ന്റെ ജനനത്തെപറ്റിയുള്ള ഈ പ്രവചനം 1886 ഫെബ്രുവരി 20 ന് പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ ദൈവീക പ്രവചനമനുസരിച്ച് നിശ്ചയിക്കപ്പെട്ട കാലയളവിനകത്ത്, വാഗ്ദത്തപുത്രൻ, വാഗ്ദത്ത മസീഹ് (അ) ന് ഖാദിയാനിൽ വെച്ച് 1889 ജനുവരി 12 ന് ജനിക്കുകയുണ്ടായി. ജീവിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ആദ്യത്തെ പുത്രനാണിത്. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ഭാവി പ്രതീക്ഷയായിരുന്നു. അദ്ദേഹത്തിന് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എന്ന് പേരുനൽകുകയുണ്ടായി. മുസ്‌ലിഹ് മൗഊദി നെപറ്റി പറഞ്ഞിട്ടുള്ള പ്രവചനത്തിലെ, ചില പ്രത്യേകഗുണ വിശേഷങ്ങൾ ഈ വാഗ്ദത്ത പുത്രനിൽ പ്രകടമായിരുന്നു. ഉദാഹരണത്തിന് പ്രവചനത്തിൽ പറഞ്ഞതനുസരിച്ച് അതിബുദ്ധിമാനും, ജ്ഞാന വിജ്ഞാനങ്ങളാൽ സമ്പന്നനുമായിരിക്കും. ഭൂമിയുടെ അറ്റങ്ങളോളം അവന്റെ പ്രശസ്തി വ്യാപിക്കുന്നതാണ്, ജനങ്ങൾ അദ്ദേഹത്താൽ അനുഗ്രഹീതരാകും.

പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലെ ഒരു സ്കൂളിലായിരുന്നു. 1898 ൽ തഅ്‌ലീമുൽ ഇസ്‌ലാം സ്കൂൾ ആരംഭിച്ചപ്പോൾ അവിടെ പഠനം തുടർന്നു. നിരന്തരമായ ആരോഗ്യ കാരണങ്ങളാൽ, തന്റെ പഠനം നല്ലനിലയിൽ തുടർന്നു പോകുവാൻ കഴിഞ്ഞില്ല.1905 മാർച്ച് മാസത്തിൽ മെട്രിക്കുലേഷൻ പരീക്ഷയിൽ തോറ്റതോടെ പാഠശാലയിലെ പഠനം അവസാനിപ്പിച്ചു. ഇതിന് രണ്ടു വർഷം മുമ്പ് 1903 ഒക്ടോബർ മാസത്തിൽ സയ്യിദ. മഹ്മൂദ ബീഗംസാഹിബയെ അദ്ദേഹം വിവാഹം കഴിച്ചു. (ഹസ്രത്ത് ഉമ്മെ നസീർ എന്നും അവരെ വിളിക്കപ്പെടും) ഹസ്രത് മൗലവി നൂറുദ്ദീൻ (റ) ൽ നിന്നും വിശുദ്ധ ഖുർആൻ പരിഭാഷ ഹദീസ് പരിഭാഷ എന്നിവ അഭ്യസിച്ചു. മാത്രമല്ല, മതത്തെ കുറിച്ചും, ചരിത്രത്തെകുറിച്ചും, സാഹിത്യത്തെ കുറിച്ചും, മറ്റു വിവിധ വിഷയങ്ങളെ കുറിച്ചും സ്വതന്ത്രമായ പഠനം ആരംഭിച്ചു. അദ്ദേഹം ഒരു മഹാപണ്ഡിതനായി വളർന്നു. അനേകം വിഷയങ്ങളിൽ അഗാധ നൈപുണ്യം നേടി അങ്ങനെ, വാഗ്ദത്ത മസീഹ് (അ) ന്റെ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള താഴെപറയുന്ന പ്രവചനം അദ്ദേഹത്തിലൂടെ വ്യക്തമായും പൂർത്തിയായി.

**"അവൻ അസാധാരണനിലയിൽ ബുദ്ധിവൈഭവമുള്ളവനും, ഗ്രഹണശേഷി ഉള്ളവനും, ശാന്തസ്വഭാവക്കാരനും, ഭൗതികവും, ആത്മീയവുമായ അറിവുകളാൽ സമ്പന്നനുമായിരിക്കും."**

അദ്ദേഹത്തിന് ആദ്യത്തെ ദൈവീകവെളിപാട് 1905 ൽ ലഭിക്കുകയുണ്ടായി. അദ്ദേഹത്തിന് അന്ന് പതിനാറു വയസ്സു പ്രായമായിരുന്നു. **"പുനരുദ്ധാനനാൾ വരേക്കും നിന്നെ അവിശ്വസിക്കുന്നവരുടെ മേൽ, വിശ്വസിക്കുന്നവർക്ക് മഹത്വ സ്ഥാനം നല്കുന്നതാണ്."**

1907 ൽ വിശുദ്ധ ഖുർആന്റെ ഒന്നാം അധ്യായം ആയ സൂറ. അൽഫാത്തിഹയുടെ വ്യാഖ്യാനം ഒരു മാലാഖ അദ്ദേഹത്തെ പഠിപ്പിക്കുകയുണ്ടായി. അതുമുതൽ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനത്തിന്റെ അറിവ് അദ്ദേഹത്തിന് സമ്മാനമായി ലഭിക്കുകയുണ്ടായി.

വാഗ്ദത്ത മസീഹ് (അ) വഫാത്തായപ്പോൾ, ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന് 19 വയസ്സു പ്രായമായിരുന്നു. ഈ നിർണ്ണായ സന്ദർഭത്തിൽ വഫാത്തായ പിതാവിന്റെ അരുകിൽ നിന്ന് താഴെപറയുന്ന പ്രതിജ്ഞ ചെയ്യുകയുണ്ടായി. **"എല്ലാ ജനങ്ങളും അങ്ങയെ കൈവിട്ടാലും (വാഗ്ദത്തമസീഹ് (അ) നെ ) മുഴുലോകത്തെയും ഞാൻ ഒറ്റയ്ക്ക് നേരിടും, എതിർപ്പോ ശത്രുതയോ വകവെയ്ക്കാതെ."**

1911 ഫെബ്രുവരിയിൽ അൻചുമൻ അൻസാറുല്ലാ സ്ഥാപിച്ചു. 1912 സെപ്തംബറിൽ ഹജ്ജ് കർമ്മത്തിന്നായി മക്കയിലേക്ക് പോയി. 1913 ൽ അൽഫസ്ൽ പത്രം പ്രസിദ്ധീകരിക്കുവാൻ തുടങ്ങി.

1914 മാർച്ച് 14-ാം തീയതി ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ വഫാത്തിന്റെ പിറ്റേദിവസം ഹസ്രത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നെ വാഗ്ദത്ത മസീഹിന്റെ രണ്ടാം ഖലീഫായായി ഐകകണ്ഠേന തെരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ പ്രായം അന്ന് 25 വയസ്സായിരുന്നു. ആ സന്ദർഭത്തിൽ 2000 ത്തോളം അഹ്മദികൾ സന്നിഹിത രായിരുന്നു. അവരെല്ലാവരും അദ്ദേഹത്തിൽ ബൈ അത്തു ചെയ്യുകയുണ്ടായി . സമുദായത്തിലെ, എതിരഭിപ്രായമുള്ള, ഒരു ചെറു സംഘം പ്രഗൽഭമതികൾ, അദ്ദേഹത്തിൽ ബൈഅത്തു ചെയ്യുകയുണ്ടായില്ല. ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ്(റ) നെ ഖലീഫയായി അംഗീകരിക്കാതിരിക്കുവാൻ അവർ കഴിയുന്നത്ര ശ്രമിച്ചു. തുടർന്ന് അവർ ഖാദിയാൻ ഉപേക്ഷിച്ച്, ലാഹോറിലേക്ക് പോകുവാൻ തീരുമാനിച്ചു. അവരുടെ പിൻബലമില്ലാതെ മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന് പിടിച്ചു നില്ക്കാൻ കഴിയില്ല എന്നവർ വിചാരിച്ചു. അതോടെ അദ്ദേഹം തകരും. എന്നാൽ അവരുടെ പ്രതീക്ഷകൾ പൂർണ്ണമായും തെറ്റായിരുന്നു എന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിച്ചു.

ഇക്കാരണത്താൽ, ഈ നൂറ്റാണ്ടിൽ ഇപ്പോൾ വരെ, മുസ്‌ലിഹ് മൗഊദ് (റ) ന്റെ ശത്രുക്കൾ, ഇപ്പോഴും നിലനില്ക്കുന്നു. എന്നിട്ട് അവർ അദ്ദേഹത്തിന്റെ മേൽ തെറ്റായ കുറ്റാരോപണങ്ങൾ കഴിയുന്നടത്തോളം നടത്തികൊണ്ടിരിക്കുന്നു. ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിലും, മുസ്‌ലിഹ് മൗഊദ് എന്ന നിലയിലും, ഞാനും എന്റെ ജമാഅത്തു സ്സഹീഹിൽ ഇസ്‌ലാമും ഈ ആളുകളെ വെല്ലുവിളിച്ചിരിക്കുകയാണ്. വാഗ്ദത്തമസീഹ് (അ) ന്റെ വാഗ്ദത്ത പുത്രനും, മുസ്‌ലിഹ് മൗഊദുമായ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ സത്യത തെളിയിക്കാനുള്ള എല്ലാ രേഖകളും ഹാജരാക്കി, അവർ കാര്യങ്ങൾ മനസ്സിലാക്കി, ദൈവീകശിക്ഷയിൽ നിന്നും രക്ഷ പ്രാപിക്കുന്നതിലുള്ള എല്ലാ ശ്രമങ്ങളും ഞങ്ങൾ നടത്തിയതാണ്. എന്നാൽ, ദൗർഭാഗ്യവശാൽ, അവരുടെ മന്ദബുദ്ധിയിൽ വാശിപിടിച്ച് നിന്നപ്പോൾ, ഞാനും എന്റെ ജമാഅത്തും മുബാഹലയ്ക്കായി അവരെ ക്ഷണിച്ചു.

ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെയോ, ഈ വിനീതനിൽ വിശ്വാസിക്കാത്തതിന്റെയോ എന്നെ ഒരു കള്ളനായി ചിത്രീകരിച്ചതിന്റെ പേരിലോ അല്ല ഈ മുബാഹല, പിന്നെയോ, ഈ പ്രാർത്ഥന സമരം മുന്നോട്ടുവെച്ചത്, ഹസ്രത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ മഹത്വത്തെയും അന്തസ്സിനെയും അവർ ആക്രമിച്ചു. അക്കാരണത്താൽ ഇക്കാര്യത്തിൽ എനിക്ക് നിശ്ശബ്ദനായി നോക്കിയിരിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് നാം അവരെ മുബാഹലയ്ക്ക് വിളിച്ചത്. ഇത് തികച്ചും ഹസ്രത് മുസ്‌ലിഹ് മൗഊദ് ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ മഹത്വ പൂർണ്ണമായ സ്ഥാനത്തെ സംരക്ഷിക്കുന്നതിനു വേണ്ടി മാത്രമാണ്.

മുസ്‌ലിഹ് മൗഊദ് എന്ന നിലയിൽ പരസ്യമായി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിന് മുൻപ്തന്നെ, പ്രതീക്ഷിക്കുന്ന മുസ്‌ലിഹ് മൗഊദ് താനെന്ന നിലയിൽ, ധാരാളം ജോലികൾ പൂർത്തി

യാക്കുകയുണ്ടായി. തന്റെ ജീവിതം ദീനുൽ ഇസ്ലാമിനുവേണ്ടി മാത്രമുള്ളതാണെന്ന് തന്റെ പ്രവർത്തിയിലൂടെ കാണിക്കുകയുണ്ടായി. ഇസ്ലാമിൽ ഉയർന്നു വരുന്ന എല്ലാ പ്രശ്നങ്ങൾക്കും അദ്ദേഹം അർപ്പണബുദ്ധിയോടെ പരിഹാരം കാണുകയുണ്ടായി. വാഗ്ദത്ത മസീഹ് (അ) ന്റെ വിശ്വാസിസമൂഹത്തിൽ അദ്ദേഹം ആദരിക്കപ്പെടുകയും, ജനനേതാവ് എന്ന നിലയിൽ മഹത്തായസ്ഥാനം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

1914 ഏപ്രിൽ 12-ാം തീയതി, അദ്ദേഹത്തിന് 25 വയസ്സ് പ്രായമുള്ളപ്പോൾ തന്റെ ഖിലാഫിത്തിന്റെ ആദ്യ മജ്ലിസെ ഷൂറ: രീപീകരിച്ചു. ലോകമെമ്പാടും തബ്ലീഗ് പ്രവർത്തനത്തിനുള്ള രൂപരേഖ തയ്യാറാക്കി. 1915 ഡിസംബറിൽ വിശുദ്ധ ഖുർആൻ വ്യാഖ്യാനത്തിന്റെ ഒരു ഭാഗം പ്രസിദ്ധീകരിച്ചു.

1919 ജനുവരി 1-ാം തീയതി സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളായി വിഭജിക്കുകയുണ്ടായി. 1922 ഏപ്രിൽ 15 ന്, സ്ഥിരം ഉപദേശകസമിതി എന്ന നിലയിൽ ആദ്യമായി മജ്ലിസെ ഷൂറാ: സ്ഥാപിച്ചു.

1924 സെപ്തംബർ 23 ന് ഇംഗ്ലണ്ടിലെ വിംബ്ളി സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുകയും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം എന്ന പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. 1928 മെയ് 20 -ാം തീയതി കഴിവുറ്റ ഇസ്ലാമിക പ്രവർത്തകരെ വാർത്തെടുക്കുന്നതിനായി, പരിശീലനം നല്കുന്നതിനായി, രൂപീകരിച്ച അഹ്മദിയ്യ സർവ്വകലാശാല ഉത്ഘാടനം ചെയ്യുകയുണ്ടായി.

1930 ഡിസംബറിൽ, തന്റെ മൂത്ത അർത്ഥ സഹോദരൻ, ഹസ്രത് മിർസാ സുൽത്താൻ അഹ്മദ് (റ) അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്യുകയും വാഗ്ദത്ത മസീഹ് (അ) ന്റെ നാലാമത്തെ പുത്രനായി തീരുകയും ചെയ്തു. അങ്ങനെ, ഒരു പരിധിയോളം, മുസ്ലിഹ് മൗഊദ് (റ) നെ സംബന്ധിച്ച് മൂന്നിനെ നാല് ആക്കുന്നവൻ എന്ന പ്രവചനം പൂർത്തിയാവുകയും ചെയ്തു.

1931 ജൂലൈ 25 ന് ആൾ ഇന്ത്യ കാശ്മീർ കമ്മിറ്റിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. കാശ്മീർ ജനതയുടെ അവകാശങ്ങൾക്കായി അദ്ദേഹം കഠിനമായ യത്നിച്ചു. കാശ്മീർ മോചിപ്പിക്കുന്നതിനായി, പാക്കിസ്ഥാൻ പട്ടാളത്തോടോപ്പം യുദ്ധം ചെയ്യുന്നതിന് ഫുർഖാൻ ഫോഴ്സ് എന്ന് നാമകരണം ചെയ്യപ്പെട്ട അഹ്മദീസന്നദ്ധസേനാംഗങ്ങളുടെ ഒരു ബറ്റാലിയനെ അയയ്ക്കുകയാണ്ടായി.

ഇന്നലെ ഞാൻ പറഞ്ഞതുപോലെ 1944 ജനുവരി 28-ാം തീയതി വെള്ളിയാഴ്ച ഖുത്തുബയിൽ, ഹസ്രത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ, ആദ്യമായി, താൻ വാഗ്ദത്ത പുത്രനാണെന്ന് വാദംപരസ്യമായി ഉന്നയിക്കുകയും, മുസ്ലിഹ് മൗഊദിനെ സംബന്ധിച്ചുള്ള പ്രവചനത്തിലെ വാഗ്ദത്ത പുത്രൻ താനാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പലസന്ദർഭങ്ങളിൽ ലഭിച്ച ദൈവീക വെളിപാടുകളുടെയും, സ്വപനദർശനങ്ങളുടെയും അടിസ്ഥാനത്തിലാണ് താൻ ഈ പറയുന്നത് എന്ന് പല പൊതു സമ്മേളനങ്ങളിലും അദ്ദേഹം ഇത് ആവർത്തിച്ചിട്ടുണ്ട്.

ഈ പൊതു സമ്മേളനങ്ങൾ നടന്നത് (1) 1944 ഫെബ്രുവരി 20 ഹോഷിയാപൂർ (2) 1944 മാർച്ച് 12 -ലാഹോർ (3) 1944 മാർച്ച് 23 ലൂധിയാന (4) 1944 ഏപ്രിൽ 16 ഡൽഹി. 1947 ൽ പാക്കിസ്ഥാൻ രൂപീകൃതമായപ്പോൾ ഹസ്രത് മുസ്ലിഹ് മൗഊദ് (റ) ഖാദിയാനിലെ ജമാഅത്ത് അംഗങ്ങളോടൊപ്പം പാക്കിസ്ഥാനിലേക്ക് പോവുകയുണ്ടായി. ഖാദിയാൻ സംരക്ഷിക്കുന്നതിനായി 313 അഹ്മദികളെ **ദർവേഷാൻ** എന്ന പേരിൽ ഖാദിയാനിൽ നിർത്തുകയുണ്ടായി.

പാക്കിസ്ഥാനിൽ ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) റബ്വയിൽ ജമാഅത്തിന്റെ പുതിയ കേന്ദ്രം സ്ഥാപിക്കുകയുണ്ടായി. അതൊരു തരിശു സ്ഥലമായിരുന്നു. സാമൂഹ്യ സ്ഥാപനങ്ങളാലും, വിദ്യാഭ്യാസ സ്ഥാപനങ്ങളാലും, മതപരമായ സ്ഥപനങ്ങളാലും ആ പ്രദേശത്തെ അത്ഭുതകരമായ നിലയിൽ ഒരു പട്ടണമായി രൂപാന്തരപ്പെടുത്തി. 1954 മാർച്ച് 10 ന് ഹസ്രത് മുസ്ലിഹ് മൗഊദ് (റ) ന്റെ നേരെ ഒരു വധശ്രമം നടത്തുക ഉണ്ടായി, കഴുത്തിന് ഗുരുതരമായി മുറിവേറ്റു ഇതു സംഭവിച്ചത് റബ്വയിലെ മസ്ജിദ് മുബാറക്കിൽ അസ്ർ നമസ്ക്കാര സമയത്തായിരുന്നു.

പ്രാത്ഥനാനന്തരം അദ്ദേഹം എഴുന്നേല്ക്കാൻ തുടങ്ങമ്പോൾ, അദ്ദേഹത്തിന്റ ഒരു ശത്രു, അദ്ദേഹത്തെ വധിക്കുവാനുള്ള ഉദ്ദേശത്തോടെ പള്ളിയിൽ വന്നതായിരുന്നു, മുന്നോട്ടു വരികയും പിന്നിൽ നിന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ കത്തി കൊണ്ടു കുത്തുകയുമായിരുന്നു. ഇതൊരു ആഴത്തിലുള്ള മുറിവായിരുന്നു. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. പിന്നീട്, അദ്ദേഹം ചികിത്സാർത്ഥം, 1955 ഏപ്രിൽ 5 ന്

യൂറോപ്പിലേക്ക് പോയി യൂറോപ്പിലും അദ്ദേഹം തിരക്കിലായിരുന്നു. വിദേശത്തുള്ള പ്രചാരണ കേന്ദ്രങ്ങളുടെ പരിശോധനയിലും തന്റെ ഓഫീസ് ഉത്തരവാദിത്വങ്ങളിലും മുഴുകി, ഭാഗികമായി മാത്രമെ അദ്ദേഹത്തിന് രോഗമുക്തി നേടാൻ കഴിഞ്ഞുള്ളു 1955 സെപ്തംബർ 25 ന് അദ്ദേഹം റബ്‌വയിലേക്ക് മടങ്ങിവന്നു.

അസാധാരണമായ ജോലിഭാരം നിമിത്തവും, കഴുത്തിനേറ്റ ആഴത്തിലുള്ള മുറിവിന്റെ അനുബന്ധ പ്രവർത്തനങ്ങളുടെ ഫലവുമായി അദ്ദേഹത്തിന്റെ ആരോഗ്യ നില ക്രമേണ വഷളായി. അങ്ങനെ അത് 7 വർഷത്തോളം തുടർന്നു. ഒടുവിൽ 1965 നവംബർ 8 ന് പ്രഭാതത്തിന് മുമ്പ് 2 മണിയോടടുപ്പിച്ച് ഹസ്രത്ത് മുസ്ലിഹ് മൗഊദ് (റ) 77-ാം വയസ്സിൽ വഫാത്തായി.

ഹസ്രത് മിർസാ നാസിർ അഹ്മദ് (റ) ജനാസാ നമസ്ക്കാരത്തിന് നേതൃത്വം നല്കി. ബിഹ്സ്തി മഖ്ബറയിൽ അദ്ദേഹത്തിന്റെ മാതാവ് ഹസ്രത് സയ്യിദഃ നുസ്റത് ജഹാൻ ബീഗം (റ) യുടെ ഖബറിന്നരികിൽ അദ്ദേഹത്തെ ഖബറടക്കം ചെയ്യുകയുണ്ടായി.

അതുല്യനേതൃഗുണങ്ങളുടെ സമ്മിശ്രകേന്ദ്രമായിരുന്നു അദ്ദേഹം. സംഘാടകൻ, ദൈവവിശ്വാസി, ധൈര്യവാൻ, വൈവിധ്യരംഗങ്ങളിലെ ആഴത്തിലുള്ള പണ്ഡിതൻ, വശ്യമായ വ്യക്തിത്വത്തിന്റെ ഉടമ എന്നിവകളാൽ സമ്പന്നനായിരുന്നു.

ഇസ്ലാം അഹ്മദിയ്യത്തിന്റെ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടം തന്നെ ആയിരുന്നു 52 വർഷം നീണ്ടു നിന്ന ഖിലാഫത്ത്. ഖിലാഫത്തിന്റെ സാരഥി എന്ന നിലയിൽ അതുല്യമായ പ്രകടനമാണ് അദ്ദേഹം കാഴ്ചവെച്ചത്. അദ്ദേഹത്തിലൂടെ ആദ്യത്തെ മുസ്ലിഹ് മൗഊദ് (റ) എന്ന പ്രവചനം സമ്പൂർണ്ണമായ നിലയിൽ പൂർത്തീകരിക്കുകയുണ്ടായി. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ്.

സ്വർഗ്ഗീയാരാമത്തിൽ, അല്ലാഹു (ത) യുടെ ഇഷ്ട ദാസന്മാരുടെ ഇടയിൽ, തെരഞ്ഞെടുക്കപ്പെട്ടവരുടെ മധ്യേ ഉയർന്ന സ്ഥാനം നല്കി അല്ലാഹു (ത) അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ മേൽ ഉണ്ടാകുന്ന എല്ലാ ആരോപണങ്ങളെയും ആക്രമണങ്ങളെയും പ്രതിരോധിക്കുവാനും അദ്ദേഹത്തിന്റെ നിരപരാധിത്വവും സത്യസന്ധതയും തുടർന്നും തെളിയിക്കുവാനും അല്ലാഹു അനുഗ്രഹിക്കട്ടെ. ഇൻശാ അല്ലാഹ് ആമീൻ.


Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*